പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3340 — 29-01-2014 ൽ മറുപടിക്ക്

## തൃശ്ശൂർ ജില്ല കോൾപ്പാട സംരക്ഷണ പാക്കേജ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.പി.എ.മാധവൻ | | ശ്രീ.കെ.പി. മോഹനൻ (കൃഷിയും മൃഗ സംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) തൃശ്ശൂർ ജില്ലയിലെ കോൾപ്പാടങ്ങളുടെ സംരക്ഷണത്തിനായി പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ; | (എ) | കോൾ പാടങ്ങളുടെ സംരക്ഷണത്തിനായി പ്രഖ്യാപിച്ച പ്രത്യേക പാക്കേജിൽ ഒന്നാം ഘട്ടത്തിൽ ഭരണാനുമതി നൽകിയപദ്ധതിക ളാണ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കു ന്നത്. |
| (ബി) പാക്കേജിൽ ഉൾപ്പെടുത്തി ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ; | (ബി) | കനാൽ ബണ്ടുകൾ, എഞ്ചിൻ തറ സ്ലൂയിസ് കനാൽ, കനാൽ പാലങ്ങൾ എന്നിവ അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള ആർ.ഐ.ഡി.എഫ് പദ്ധതിയിൽ ഉൾപ്പെടുത്തി യിട്ടുണ്ട്.<br>പെട്ടി-പറക്ക് ബദൽ സംവിധാനം ഏർപ്പെടുത്തൽ (പൈലറ്റ് പ്രോജക്ട്), പച്ചക്കറി വ്യാപനം, മൃഗസംരക്ഷണം (കറവമാട് വളർത്തൽ, താറാവ് വളർത്തൽ), കാർഷിക യന്ത്രവൽക്കരണം, മത്സ്യകൃഷി വ്യാപനം, കോഴി വളർത്തൽ, ജൈവകൃഷി വ്യാപനം, വിത്ത് സംഭരണ-വിതരണ കേന്ദ്രം എന്നി പദ്ധതികളാണ് ആർ.കെ.വി.വൈ-ൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നത്. |
| (സി) കോൾമേഖലയിലെ കർഷകർക്ക് വർദ്ധിപ്പിച്ച ഉത്പാദന ബോണസ്സും, പമ്പിംഗ് സബ്സിഡി കുടിശ്ശികയും വിതരണം ചെയ്യുന്നതിനു നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ, നാളിതുവരെ എത്ര തുക നൽകിയെന്ന് അറിയിക്കുമോ ; | (സി) | വർദ്ധിപ്പിച്ച ഉൽപ്പാദന ബോണസ് ഇതുവരെ 2,27,92,726/-രൂപയും പമ്പിംഗ് സബ്സിഡി ഇനത്തിൽ 67,33,238/-രൂപയും അനുവദിച്ചി ട്ടുണ്ട്. |

| | | |
|---|---|---|
| (ഡി) പ്രസ്തുത പാക്കേജ് സമയബന്ധിതമായി നടപ്പിലാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ; | (ഡി) | പദ്ധതിയുടെ പുരോഗതി എല്ലാ മാസവും നിർവ്വഹണ വകുപ്പുകൾ/ഏജൻസികളുമായി അവലോകനം നടത്തുകയും നടപ്പു ഡിസംബറിൽ പൂർത്തീകരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്. പാക്കേജിലെ മുഖ്യഘടകമായ ബണ്ട് നിർമ്മാണത്തിനാവശ്യമായ മണ്ണ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതാണ്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിലെ ഡെപ്യൂട്ടി ഡയറക്ടറെ ഡെപ്യൂട്ടേഷനിൽ നിയമിച്ചിട്ടുണ്ട്. |
| (ഇ) നാളിതുവരെ ഏതെല്ലാം പ്രോജക്റ്റുകൾക്ക് അന്തിമാംഗീകാരം നൽകിയിട്ടുണ്ടെന്ന് അറിയിക്കുമോ? | (ഇ) | നബാർഡിന്റെ ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി 123.52 കോടി രൂപയുടെ പദ്ധതിക്കും ആർ.കെ.വി.വൈ-ൽ ഉൾപ്പെടുത്തി 4243.67 ലക്ഷം രൂപയുടെ പദ്ധതികൾക്കും അനുമതി നൽകിയിട്ടുണ്ട്.. |

സെക്ഷൻ ഓഫീസർ